# 1 തെസ്സലൊനിക്യർ

1 പൗലൊസും ശീലാസും[a] തിമൊ
ഥെയോസും,
പിതാവായ ദൈവത്തിലും കർത്താവായ
യേശുക്രിസ്തുവിലും ഉള്ള തെസ്സലൊനിക്യ
സഭയ്ക്ക് എഴുതുന്നത്:
നിങ്ങൾക്കു[b] കൃപയും സമാധാനവും ഉണ്ടാകട്ടെ.

*തെസ്സലോനിക്യർക്കുവേണ്ടി*
*പ്രാർത്ഥിക്കുന്നു*

2ഞങ്ങൾ, നമ്മുടെ ദൈവവും പിതാവുമാ
യവന്റെ സന്നിധിയിൽ, നിങ്ങളുടെ വിശ്വാസ
ത്തിന്റെ ഫലമായ പ്രവൃത്തിയും സ്നേഹ
ത്തിന്റെ പ്രയത്നവും നമ്മുടെ കർത്താവായ
യേശുക്രിസ്തുവിലുള്ള പ്രത്യാശയുടെ
സ്ഥിരതയും, 3പ്രാർത്ഥനയിൽ നിരന്തരം ഓർ
ത്തുകൊണ്ടു നിങ്ങൾക്കെല്ലാവർക്കുംവേണ്ടി
ദൈവത്തിന് എപ്പോഴും സ്തോത്രം ചെയ്യുന്നു.
4ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദര
രേ, നിങ്ങളെ അവിടുന്നു തിരഞ്ഞെടുത്തിരി
ക്കുന്നുവെന്നു ഞങ്ങൾ അറിയുന്നു. 5ഞ
ങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല,
ശക്തിയോടും പരിശുദ്ധാത്മാവോടും ഏറെ
നിശ്ചയത്തോടും കൂടെയായിരുന്നു നിങ്ങളുടെ
അടുക്കൽ എത്തിയത്. ഞങ്ങൾ നിങ്ങളുടെ
ഇടയിൽ, നിങ്ങൾക്കുവേണ്ടി എങ്ങനെ ജീവി
ച്ചുവെന്നു നിങ്ങൾക്ക് അറിയാമല്ലോ. 6കഠിനമാ
യ കഷ്ടതയിലും പരിശുദ്ധാത്മാവിന്റെ സ
ന്തോഷത്തോടെ വചനം സ്വീകരിച്ചുകൊണ്ടു
നിങ്ങൾ ഞങ്ങളുടെയും കർത്താവിന്റെയും
അനുകാരികൾ ആയിത്തീർന്നു. 7അങ്ങനെ നി
ങ്ങൾ മാസിഡോണിയായിലും അഖായയിലും
ഉള്ള സകല വിശ്വാസികൾക്കും മാതൃകയാ
യിത്തീർന്നു. 8കർത്താവിന്റെ വചനം നിങ്ങ
ളിൽനിന്നു മാസിഡോണിയായിലും അഖായയി
ലും പ്രതിധ്വനിച്ചുവെന്നു മാത്രമല്ല നിങ്ങൾക്കു
ദൈവത്തിലുള്ള വിശ്വാസം എല്ലായിടത്തും
പ്രസിദ്ധമാകുകയും ചെയ്തിരിക്കുന്നു. അതു
കൊണ്ട്, ഞങ്ങൾ ഇനി ഒന്നും പറയേണ്ടതില്ല;
9നിങ്ങൾ ഞങ്ങളെ സ്വാഗതം ചെയ്തത് ഏതു
വിധമായിരുന്നുവെന്ന് അവർതന്നേ വിവരി
ക്കുന്നുവല്ലോ. ജീവനുള്ള സത്യദൈവത്തെ
സേവിക്കുവാനും 10അവിടുന്നു മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനു
ള്ള ക്രോധത്തിൽനിന്നു നമ്മെ വിടുവിക്കു
ന്നവനുമായ യേശു സ്വർഗ്ഗത്തിൽനിന്നു വരു
ന്നതു കാത്തിരിക്കുവാനുമായി നിങ്ങൾ വിഗ്ര
ഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്ക് എങ്ങനെ
തിരിഞ്ഞുവെന്നും അവർ പ്രസ്താവിക്കുന്നു.

*തെസ്സലോനിക്യയിൽ*
*പൗലൊസിന്റെ ശുശ്രൂഷ*

2 സഹോദരരേ, ഞങ്ങൾ നിങ്ങളുടെ അടു
ക്കൽ വന്നത് നിഷ്ഫലമായില്ല എന്നു
നിങ്ങൾ അറിയുന്നുവല്ലോ. 2ഞങ്ങൾ ഫിലിപ്പി
യിൽവച്ച് മുമ്പ് കഷ്ടവും അപമാനവും
സഹിച്ചുവെങ്കിലും, നിങ്ങൾ അറിയുന്നതുപോ
ലെ, കഠിനമായ എതിർപ്പു വകവയ്ക്കാതെ,
ദൈവത്തിന്റെ സുവിശേഷം അവിടുത്തെ
സഹായത്താൽ നിങ്ങളോടറിയിക്കുവാൻ
ധൈര്യപ്പെട്ടു. 3ഞങ്ങളുടെ പ്രബോധനം തെറ്റിൽ
നിന്നോ അശുദ്ധിയിൽനിന്നോ കാപട്യത്തിൽ
നിന്നോ ഉണ്ടായതല്ല; 4നേരേമറിച്ച്, സു
വിശേഷം ഭരമേല്പിക്കുന്നതിനു യോഗ്യരായി
ദൈവം ഞങ്ങളെ അംഗീകരിച്ചതനുസരിച്ച്, മനു
ഷ്യരെ അല്ല, ഹൃദയം ശോധന ചെയ്യുന്ന ദൈവ
ത്തെത്തന്നേ പ്രസാദിപ്പിച്ചുകൊണ്ടു ഞങ്ങൾ
സംസാരിക്കുന്നു. 5ഞങ്ങൾ മുഖസ്തുതി പറയു
കയോ ദുരാഗ്രഹത്താൽ കൗശലം പ്രയോഗി
ക്കുകയോ ചെയ്തിട്ടില്ലെന്നു നിങ്ങൾക്ക് അറി
യാം; അതിനു ദൈവം സാക്ഷി. 6ക്രിസ്തുവിന്റെ
അപ്പൊസ്തലന്മാർ എന്ന നിലയിൽ ഞങ്ങൾ
ക്കു ഗൗരവം ഭാവിക്കാമായിരുന്നുവെങ്കിലും,
ഞങ്ങൾ നിങ്ങളിൽനിന്നാകട്ടെ, മറ്റു മനുഷ്യരിൽ
നിന്നാകട്ടെ, മാനം അന്വേഷിച്ചില്ല.
7ഒരമ്മ കുഞ്ഞുങ്ങളെ പരിചരിക്കുന്നതു
പോലെ, ഞങ്ങൾ നിങ്ങളോട് ആർദ്രത

*a* 1ഗ്രീക്കിൽ *സിൽവാനസ്* *b* 1ചില കയ്യെഴുത്തുപ്രതികളിൽ *പിതാവായ ദൈവത്തിൽ നിന്നും കർത്താവായ യേശുക്രിസ്തുവിൽ നിന്നും നിങ്ങൾക്കു*

യോടെയാണു പെരുമാറിയത്. 8ഇപ്രകാരം നി
ങ്ങളോടു ഗാഢമായ വാത്സല്യംപൂണ്ട്,
ദൈവത്തിൻെറ സുവിശേഷം മാത്രമല്ല, നിങ്ങൾ
ഞങ്ങൾക്കു പ്രിയരാകയാൽ, ഞങ്ങളുടെ
പ്രാണൻപോലും നിങ്ങൾക്കായി നൽകുവാൻ
ഞങ്ങൾക്ക് ഇഷ്ടം തോന്നി. 9സഹോദരരേ, ഞ
ങ്ങളുടെ കഠിനാധ്വാനവും കഷ്ടപ്പാടുമെല്ലാം
നിങ്ങൾ നിശ്ചയമായും ഓർമ്മിക്കുമല്ലോ;
നിങ്ങളിൽ ആർക്കും ഭാരമാകാതിരിക്കാൻ വേ
ണ്ടി രാവും പകലും പണിയെടുത്തുകൊണ്ടു
ഞങ്ങൾ ദൈവത്തിൻെറ സുവിശേഷം നിങ്ങളെ
അറിയിച്ചു.

10വിശ്വാസികളായ നിങ്ങളുടെ ഇടയിൽ
ഞങ്ങൾ എത്ര വിശുദ്ധരും നീതിനിഷ്ഠരും നി
ഷ്കളങ്കരും ആയിരുന്നുവെന്നതിനു നിങ്ങൾ
സാക്ഷികൾ, ദൈവവും സാക്ഷി. 11തൻെറ രാ
ജ്യത്തിലേക്കും മഹത്ത്വത്തിലേക്കും നിങ്ങളെ
വിളിക്കുന്ന ദൈവത്തിനു യോഗ്യരായി ജീവി
തം നയിക്കുവാൻ 12നിങ്ങളെ ഓരോരുത്ത
രെയും, അപ്പൻ മക്കളെയെന്നപോലെ ഞങ്ങൾ
പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും നിങ്ങളോടു
സാക്ഷ്യംപറഞ്ഞും പോന്നുവെന്നു നിങ്ങൾക്കറി
യാമല്ലോ.

13ഞങ്ങളിൽനിന്നു കേട്ട ദൈവവചനം
നിങ്ങൾ സ്വീകരിച്ചപ്പോൾ അതു കേവലം
മനുഷ്യരുടെ വാക്ക് ആയിട്ടല്ല, അതു
വാസ്തവത്തിൽ ആയിരിക്കുന്നതുപോലെ,
ദൈവത്തിൻെറതന്നേ വചനമായിട്ടാണു
നിങ്ങൾ അംഗീകരിച്ചത്; വിശ്വസിക്കുന്ന
നിങ്ങളിൽ ഇപ്പോഴും അതു വ്യാപരി
ച്ചുകൊണ്ടിരിക്കുന്നു: ഇതു നിമിത്തം ഞങ്ങൾ
ദൈവത്തിനു നിരന്തരം സ്തോത്രം ചെയ്യുന്നു.
14സഹോദരരേ, നിങ്ങൾ യഹൂദ്യയിൽ ക്രി
സ്തുയേശുവിലുള്ള ദൈവസഭകളുടെ അനു
കാരികളായിത്തീർന്നു. യഹൂദ്യയിലെ സഭകൾ
യഹൂദരിൽനിന്നു സഹിച്ചവ നിങ്ങളുടെ നാട്ടു
കാരിൽനിന്നു നിങ്ങളും സഹിച്ചിരിക്കുന്നു.
15യഹൂദർ കർത്താവായ യേശുവിനെയും
സ്വന്തപ്രവാചകന്മാരെയും കൊന്നവരും ഞ
ങ്ങളെ പുറത്താക്കിയവരുമാണ്; വിജാതീയർ
രക്ഷിക്കപ്പെടുവാൻ തക്കവണ്ണം ഞങ്ങൾ അവ
രോടു പ്രസംഗിക്കുന്നതിൽനിന്നു അവർ ഞങ്ങ
ളെ വിലക്കുകയും അതിലൂടെ ദൈവത്തിന്
അനിഷ്ടം ജനിപ്പിക്കുകയും അങ്ങനെ സകല
മനുഷ്യരുടെയും ശത്രുക്കൾ ആകുകയും
ചെയ്തിരിക്കുന്നു. 16ഇങ്ങനെ അവർ തങ്ങളുടെ
പാപങ്ങളുടെ അളവു പൂർത്തിയാക്കുന്നു.
എന്നാൽ, ദൈവക്രോധം പരമാവധി[a] അവരുടെ
മേൽ വന്നിരിക്കുന്നു.

### *തെസ്സലോനിക്യരെ കാണ്മാൻ പൗലൊസ് വാഞ്ഛിക്കുന്നു*

17എന്നാൽ സഹോദരരേ, ഞങ്ങൾ അല്പ
നേരത്തേക്കു ഹൃദയംകൊണ്ടല്ല, ശരീരം
കൊണ്ടു നിങ്ങളെ വിട്ടുപിരിഞ്ഞു. അതിനാൽ
നിങ്ങളുടെ മുഖം കാണുവാൻ അത്യന്തം
വാഞ്ഛിക്കുകയും അതിനായി ശ്രമിക്കുകയും
ചെയ്തു. 18നിങ്ങളുടെ അടുത്തെത്താൻ
ഞങ്ങൾ, പ്രത്യേകിച്ചും പൗലൊസ് എന്ന ഞാൻ,
ഒന്നുരണ്ടു തവണ ആഗ്രഹിച്ചു. എന്നാൽ
സാത്താൻ ഞങ്ങളെ തടഞ്ഞു. 19നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യക്ഷ
തയിൽ, തിരുമുമ്പിൽ ഞങ്ങളുടെ ആശയോ,
ആനന്ദമോ, അഭിമാനകിരീടമോ ആരാണ്?
നിങ്ങൾതന്നേ അല്ലയോ? 20അതേ, ഞങ്ങളുടെ
മഹത്ത്വവും സന്തോഷവും നിങ്ങൾതന്നേ.

3 അതുകൊണ്ട് ഇനിയും സഹിച്ചിരിക്കു
വാൻ ഞങ്ങൾക്കു സാധ്യമല്ല എന്നു വന്ന
പ്പോൾ, അഥേനയിൽ തനിയേ കഴിയുന്നതാ
ണു നല്ലതെന്നു ഞങ്ങൾ കരുതി. 2ഈ പീഡന
ങ്ങളിൽ ആരും ഇളകിപ്പോകാതിരിക്കേണ്ടതിനു
നിങ്ങളെ ഉറപ്പിക്കുവാനും വിശ്വാസം സംബന്ധി
ച്ചു ധൈര്യപ്പെടുത്തുവാനുമായി, ഞങ്ങൾ നമ്മു
ടെ സഹോദരനും ക്രിസ്തുവിൻെറ സുവിശേഷ
ഘോഷണത്തിൽ ഞങ്ങളുടെ സഹപ്രവർ
ത്തകനുമായ തിമൊഥെയോസിനെ നിങ്ങളുടെ
അടുക്കലേക്ക് അയച്ചു. 3നാം കഷ്ടങ്ങൾക്കാ
യി നിയമിക്കപ്പെട്ടിരിക്കുന്നുവെന്നു നിങ്ങൾക്കറി
യാമല്ലോ. 4നമുക്കു പീഡനം ഉണ്ടാകുമെന്നു
ഞങ്ങൾ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ
മുൻകൂട്ടി പറഞ്ഞിരുന്നതുതന്നേ സംഭവി
ച്ചുവെന്നും നിങ്ങൾക്കറിയാമല്ലോ. 5അതു
കൊണ്ട് എനിക്കു തീരെ സഹിച്ചുനില്ക്കാൻ
കഴിയാതെ വന്നപ്പോൾ പരീക്ഷകൻ നിങ്ങളെ
ഏതുവിധത്തിലെങ്കിലും പരീക്ഷിച്ചുവോ എ
ന്നും ഞങ്ങളുടെ പ്രയത്നങ്ങൾ വ്യർത്ഥമായോ
എന്നും ഭയപ്പെട്ട് നിങ്ങളുടെ വിശ്വാസത്തിൻെറ
സ്ഥിതി അറിയുവാൻ ഞാൻ ആളയച്ചു.

### *തിമൊഥെയോസ് നൽകിയ വിവരങ്ങൾ*

6എന്നാൽ തിമൊഥെയോസ് നിങ്ങളുടെ വി
ശ്വാസത്തെയും സ്നേഹത്തെയും കുറിച്ചു ശു
ഭവാർത്തയുമായി മടങ്ങിവന്നിരിക്കുന്നു. നി
ങ്ങൾ എപ്പോഴും ഞങ്ങളെ സ്നേഹപൂർവ്വം
സ്മരിക്കുന്നുണ്ടെന്നും നിങ്ങളെ കാണാൻ
ഞങ്ങൾ കൊതിക്കുന്നതുപോലെതന്നേ നി
ങ്ങൾ ഞങ്ങളെയും കാണാൻ വാഞ്ഛി
ക്കുന്നുവെന്നും അയാൾ പറഞ്ഞു. 7അതിനാൽ

[a] 16 അല്ലെങ്കിൽ *ഒടുവിൽ*

സഹോദരരേ, ഞങ്ങളുടെ സകല ക്ലേശത്തിലും
കഷ്ടത്തിലും നിങ്ങളുടെ വിശ്വാസം നിമിത്തം
ഞങ്ങൾ ആശ്വസിച്ചു. 8നിങ്ങൾ കർത്താവിൽ
ഉറച്ചു നില്ക്കുന്നുവെന്നറിഞ്ഞ് ഇപ്പോൾ
ഞങ്ങൾ ജീവിക്കുന്നു. 9നിങ്ങൾ നിമിത്തം
ഞങ്ങൾക്കു ദൈവസന്നിധിയിലുള്ള സകല
സന്തോഷത്തിനും, മതിയായ വിധം ദൈവത്തി
നു നന്ദി പറയുവാൻ ഞങ്ങൾക്കെങ്ങനെ കഴി
യും! 10നിങ്ങളുടെ മുഖം കാണുവാനും നി
ങ്ങളുടെ വിശ്വാസത്തിൻെറ കുറവു നികത്തു
വാനുംവേണ്ടി ഞങ്ങൾ രാപ്പകൽ ശുഷ്
കാന്തിയോടെ പ്രാർത്ഥിക്കുന്നു.
11നമ്മുടെ ദൈവവും പിതാവുമായവനും
നമ്മുടെ കർത്താവായ യേശുവും നിങ്ങളുടെ
അടുത്തെത്താൻ ഞങ്ങൾക്കു വഴിയൊരുക്കട്ടെ.
12ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധി
ക്കുന്നതുപോലെ, നിങ്ങൾക്കു തമ്മിലും എല്ലാ
വരോടും ഉള്ള സ്നേഹം നിറഞ്ഞുകവിയാൻ
കർത്താവ് ഇടയാക്കട്ടെ. 13നമ്മുടെ കർത്താ
വായ യേശു തൻെറ സകല വിശുദ്ധരുമായി
പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ നമ്മുടെ ദൈ
വവും പിതാവുമായവൻെറ സന്നിധിയിൽ, വി
ശുദ്ധിയിൽ, അനിന്ദ്യരായി വെളിപ്പെടുംവണ്ണം
ദൈവം നിങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കട്ടെ.

### *ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം*

4 ഒടുവിൽ, സഹോദരരേ, നിങ്ങൾ, ദൈവ
ത്തെ പ്രസാദിപ്പിക്കുവാൻ തക്കവണ്ണം
ജീവിക്കേണ്ടതെങ്ങനെയെന്നു ഞങ്ങളിൽനിന്നു
പഠിച്ചിരുന്നതുപോലെ, ഇപ്പോൾ ജീവിച്ചുപോ
രുന്നുവല്ലോ; അതിൽ നിങ്ങൾ അധികം വർദ്ധി
ച്ചുവരണമെന്നു ഞങ്ങൾ നിങ്ങളോട് അപേക്ഷി
ക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നു.
2കർത്താവായ യേശുവിൻെറ അധികാരത്താൽ
ഞങ്ങൾ നിങ്ങൾക്കു നല്കിയിരുന്ന കല്പന
കൾ എന്തൊക്കെ എന്നു നിങ്ങൾക്കറിയാമല്ലോ.
3ദൈവത്തിൻെറ ഇഷ്ടമോ നിങ്ങളുടെ ശു
ദ്ധീകരണംതന്നേ: നിങ്ങൾ ദുർന്നടപ്പ് ഉപേക്ഷി
ക്കണം. 4നിങ്ങളിൽ ഓരോരുത്തനും, ദൈവത്തെ
അറിഞ്ഞിട്ടില്ലാത്ത അന്യജാതിക്കാരെപ്പോലെ
കാമാസക്തിയിലല്ല, 5വിശുദ്ധിയിലും മാനത്തി
ലും താന്താൻെറപാത്രത്തെ നേടിക്കൊള്ളണം[a],
6ഈ കാര്യത്തിൽ ആരും അതിരുലംഘിക്കുക
യോ സഹോദരനെ വഞ്ചിക്കുകയോ അരുത്.
ഞങ്ങൾ നിങ്ങൾക്കു ഗൗരവപൂർവ്വം താക്കീതു
തന്നിട്ടുള്ളതു പോലെ, ഈ കാര്യങ്ങളിലെല്ലാം
പ്രതികാരം നടത്തുന്നതു കർത്താവാണ്.
7ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധിക്കത്രേ
വിളിച്ചിരിക്കുന്നത്. 8അതുകൊണ്ട് ഈ പ്രബോ
ധനം നിരസിക്കുന്നവൻ മനുഷ്യനെയല്ല, തൻെറ
പരിശുദ്ധാത്മാവിനെ നിങ്ങൾക്കു നല്കുന്ന
ദൈവത്തെതന്നേ നിരസിക്കുന്നു.
9സഹോദരസ്നേഹത്തെപ്പറ്റി നിങ്ങൾക്ക്
എഴുതേണ്ട ആവശ്യമില്ല; അന്യോന്യം സ്നേഹി
ക്കുവാൻ ദൈവംതന്നെ നിങ്ങളെ പഠിപ്പിച്ചിരി
ക്കുന്നു; 10മാസിഡോണിയായിൽ എല്ലായി
ടത്തുമുള്ള എല്ലാ സഹോദരരോടും നിങ്ങൾ
അപ്രകാരം ആചരിച്ചു പോരുകയുംചെയ്യുന്നു
വല്ലോ. ഇതിൽ, അധികം വർദ്ധിച്ചുവരുവാൻ
ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നു.
11പുറത്തുള്ളവരോട് ഉചിതമായി പെരുമാറു
വാനും ഒന്നിനും ബുദ്ധിമുട്ടു വരാതിരിക്കുവാ
നുംവേണ്ടി 12ഞങ്ങൾ നിങ്ങളോട് ആജ്ഞാപി
ച്ചതുപോലെ ശാന്തമായൊരു ജീവിതം നയിക്കു
വാനും സ്വന്തകാര്യം നോക്കുവാനും സ്വന്തം
കൈകൊണ്ടു വേല ചെയ്യുവാനും നിങ്ങൾ
ജാഗ്രതയുള്ളവരായിരിക്കണം.

### *കർത്താവിൻെറ ആഗമനം*

13സഹോദരരേ, നിങ്ങൾ പ്രത്യാശയില്ലാത്ത
മറ്റു മനുഷ്യരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതി
നു നിദ്രപ്രാപിക്കുന്നവരെക്കുറിച്ച് അറിവി
ല്ലാത്തവർ ആയിരിക്കരുതെന്നു ഞങ്ങൾ ആ
ഗ്രഹിക്കുന്നു. 14യേശു മരിക്കുകയും
ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുവെന്നു
നാം വിശ്വസിക്കുന്നുവെങ്കിൽ യേശുവിൽ നിദ്ര
പ്രാപിച്ചവരെയും ദൈവം അവിടുത്തോടൊപ്പം
മടക്കിവരുത്തും. 15കർത്താവിൻെറ പ്രത്യ
ക്ഷതവരെ ജീവിച്ചിരിക്കുന്നവരായ നാം നിദ്ര
കൊണ്ടവർക്കു മുമ്പാകയില്ല എന്നു കർത്താ
വിൻെറ വചനത്താൽ ഞങ്ങൾ നിങ്ങളോടു
പറയുന്നു. 16കർത്താവു താൻ ഗംഭീരനാദത്തോ
ടും പ്രധാനദൂതൻെറ ശബ്ദത്തോടും ദൈവത്തി
ൻെറ കാഹളധ്വനിയോടുംകൂടെ സ്വർഗ്ഗത്തി
ൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരി
ച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കുകയും
ചെയ്യും. 17അതിനുശേഷം, ജീവനോടെ ശേഷി
ക്കുന്നവരായ നാം അവരോടൊപ്പം ആകാ
ശത്തിൽ കർത്താവിനെ എതിരേല്ക്കുവാൻ
മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എ
ന്നേക്കും കർത്താവിനോടുകൂടെ വസിക്കും.
18അതുകൊണ്ട് ഈ വചനങ്ങളാൽ അന്യോന്യം
ആശ്വസിച്ചുകൊൾവിൻ.

5 സഹോദരരേ, കാലങ്ങളെയും സമയങ്ങ
ളെയുംകുറിച്ചു നിങ്ങൾക്ക് എഴുതേണ്ട
ആവശ്യമില്ല. 2കള്ളൻ രാത്രിയിൽ വരുന്ന
തുപോലെ കർത്താവിൻെറ ദിവസം വരുമെന്നു
നിങ്ങൾക്കു നന്നായി അറിയാമല്ലോ. 3"സമാ
ധാനം, സുരക്ഷിതത്വം" എന്ന് അവർ പറഞ്ഞു

[a] 4:5 അല്ലെങ്കിൽ *താന്താൻെറ ഭാര്യയോടൊത്ത് ജീവിക്കാൻ പഠിക്കണം*

കൊണ്ടിരിക്കുമ്പോൾ, ഗർഭിണിക്കു പ്രസവ
വേദന എന്നപോലെ അവർക്കു പെട്ടെന്നു നാ
ശം വന്നുഭവിക്കും; ഒഴിഞ്ഞുമാറുവാൻ അവർ
ക്കു സാധ്യമല്ല.

4എന്നാൽ സഹോദരരേ, ആ ദിവസം കള്ളൻ
എന്നപോലെ നിങ്ങളെ പിടികൂടുവാൻ നിങ്ങൾ
ഇരുട്ടിലുള്ളവരല്ല, 5നിങ്ങളെല്ലാവരും വെളി
ച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും
ആകുന്നു. നാം രാത്രിക്കോ ഇരുട്ടിനോ
ഉള്ളവരല്ല. 6അതുകൊണ്ടു മറ്റുള്ളവരെപ്പോലെ
ഉറങ്ങാതെ, നമുക്കു ജാഗ്രതയും സംയമവും
പാലിക്കാം. 7ഉറങ്ങുന്നവർ രാത്രിയിൽ
ഉറങ്ങുന്നു. മദ്യപിക്കുന്നവർ രാത്രിയിൽ മദ്യ
പിക്കുന്നു. 8നാമോ പകലിനുള്ളവരാകയാൽ,
വിശ്വാസവും സ്നേഹവും കവചമായും
രക്ഷയുടെ പ്രത്യാശ ശിരസ്ത്രമായും ധരി
ച്ചുകൊണ്ടു നമുക്കു സുബോധത്തോടെ ജീവി
ക്കാം. 9ദൈവം നമ്മെ ക്രോധത്തിനല്ല നമ്മുടെ
കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള
രക്ഷയ്ക്കാണു നിയമിച്ചിരിക്കുന്നത്. 10അവി
ടുന്ന് നമുക്കുവേണ്ടി മരിച്ചത്, നാം ഉണർന്നി
രുന്നാലും ഉറങ്ങിയാലും തന്നോടുകൂടെ ജീവി
ക്കേണ്ടതിനാണ്. 11അതിനാൽ നിങ്ങൾ ഇ
പ്പോൾ ചെയ്തുവരുന്നതുപോലെ അന്യോന്യം
പ്രബോധിപ്പിക്കുകയും ആത്മീയവർദ്ധന
വരുത്തുകയും ചെയ്‌വിൻ.

*സമാപന നിർദ്ദേശങ്ങൾ*

12സഹോദരരേ, നിങ്ങളുടെ ഇടയിൽ അധ്വാ
നിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കു
കയും ഉപദേശിക്കുകയും ചെയ്യുന്നവരെ ബഹു
മാനിക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.
13അവരുടെ അധ്വാനംനിമിത്തം അവരെ
സ്നേഹത്തോടെ അത്യന്തം ആദരിക്കുവിൻ.
പരസ്പരം സമാധാനത്തോടെ ജീവിക്കുവിൻ.
14സഹോദരരേ, ഞങ്ങൾ നിങ്ങളെ പ്രബോധി
പ്പിക്കുന്നത്: അലസരെ ശാസിക്കുവിൻ, ഉൾ
ക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ,
ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർ
ഘക്ഷമ കാണിപ്പിൻ. 15ആരും തിന്മയ്ക്കു പകരം
തിന്മ ചെയ്യാതിരിപ്പാൻ ശ്രദ്ധിക്കുവിൻ. നിങ്ങൾ
തമ്മിലും എല്ലാവരോടും എപ്പോഴും നന്മ
ചെയ്തുകൊണ്ടിരിപ്പിൻ.

16എപ്പോഴും സന്തോഷിപ്പിൻ; 17എല്ലായ്പ്പോ
ഴും പ്രാർത്ഥിപ്പിൻ; 18എല്ലാറ്റിനും സ്തോത്രം
ചെയ്യുവിൻ; ഇതാകുന്നു ക്രിസ്തുയേശുവിൽ
നിങ്ങളെക്കുറിച്ചുള്ള ദൈവേഷ്ടം.

19ആത്മാവിന്റെ അഗ്നി കെടുത്തരുത്;
20പ്രവചനം അലക്ഷ്യമാക്കരുത്. 21സകലതും
സശ്രദ്ധം പരിശോധിച്ച് നല്ലതു മുറുകെപ്പിടി
ക്കുക. 22എല്ലാവിധ ദോഷവും വിട്ടകലുക.

23സമാധാനത്തിന്റെ ദൈവം നിങ്ങളെ
സമ്പൂർണ്ണമായി ശുദ്ധീകരിക്കട്ടെ. നിങ്ങളുടെ
ആത്മാവും പ്രാണനും ദേഹവും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ
പ്രത്യക്ഷതയിൽ തികച്ചും അനിന്ദ്യമായി
വെളിപ്പെടുവാൻതക്കവണ്ണം പരിപാലിക്ക
പ്പെടട്ടെ. 24നിങ്ങളെ വിളിക്കുന്നവൻ വിശ്വ
സ്തനാണ്; അവിടുന്ന് അതു നിറവേറ്റും.

25സഹോദരരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി
പ്പിൻ. 26സകല സഹോദരരെയും വിശുദ്ധചും
ബനത്താൽ വന്ദനം ചെയ്യുവിൻ. 27ഈ ലേഖനം
എല്ലാ സഹോദരരെയും വായിച്ചു കേൾപ്പിക്കണ
മെന്നു കർത്താവിന്റെ നാമത്തിൽ ഞാൻ നി
ങ്ങളോട് ആവശ്യപ്പെടുന്നു.

28നമ്മുടെ കർത്താവായ യേശുക്രിസ്തു
വിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായി
രിക്കട്ടെ.